മെയ് - ജൂൺ 2017

# സത്യപ്രദം

സാമൂഹ്യ–സാഹിത്യ–സാംസ്കാരിക

ദ്വൈമാസിക



- പരിസ്ഥിതി സംരക്ഷണം മരം നടലിൽ മാത്രം ഒതുങ്ങരുത്
- നവകേരളം മാലിന്യമുക്തമാക്കണം


–എഡിറ്റോറിയൽ–

ജൂൺ 24


മഹാകവയിത്രി സിസ്റ്റർ മേരി ബനീഞ്ഞയുടെ ജനനം (1901 – 1985)

" ഗുരുവര, മഹാത്മജീ, ബാപ്പുജീ കൂപ്പുകൈ!
മരണമവിടേക്കു വന്നിട്ടില്ല നിശ്ചയം
വരുവതുമസാദ്ധ്യം ചിരംജീവിയായങ്ങു
പെരിയപുകളാർജ്ജിക്ക വീണ്ടും തൊഴുന്നു ഞാൻ!"

(1977ൽ പ്രസിദ്ധീകരിക്കപ്പെട്ട ഗാന്ധിജയന്തി മഹാകാവ്യത്തിന്റെ അവസാന വരികൾ)







# പ്രേതാരാമം

**ശിവദാസൻ എ.കെ**

കാമുകനാൽ കബളിക്കപ്പെട്ട് ജീവനൊടുക്കിയ പെണ്ണിന്റെ പ്രേതം ഒരു നാട്ടുമാവിലാണ് താമസിച്ചിരുന്നത്.

പട്ടണപ്രാന്തത്തിലെ വലിയ പാർക്കിലെ ആൾപെരുമാറ്റം കുറഞ്ഞ പിന്നാമ്പുറത്തായിരുന്നു അത്.

അവിടെ നിറയെ മരങ്ങളായിരുന്നു. നട്ടുച്ചക്കും തണൽ പിടിച്ചുകിടന്ന അവിടേയ്ക്ക് ജാരസംസർഗ്ഗക്കാർ, രഹസ്യകാമുകീകാമുകന്മാർ, മരിക്കാനായി വരുന്നവർ, ഒളിച്ചുനോട്ടക്കാർ എന്നിവരേ കൂടുതലായും ചെന്നിരുന്നുള്ളൂ.

പാർക്കിന്റെ വെളിച്ചം നിറഞ്ഞയിടം മുഴുവൻ നിറയെ ആളുകളുണ്ടാകും. കുട്ടികളും വിനോദയാത്ര വന്നവരും, നവമിഥുനങ്ങളും കച്ചവടക്കാരുമൊക്കെ. പ്രേതം സാധാരണയായി അങ്ങോട്ടൊന്നും പോകാറില്ല. ആൾക്കൂട്ടത്തിന്റെ ആരവങ്ങളെ അതിന് താൽപര്യവുമില്ല. തന്റെ സാമ്രാജ്യത്തിലേക്ക് കടന്നു കയറുന്നവരെ സംശയത്തോടെയും തെല്ല് പുച്ഛത്തോടെയും ഒറ്റ നോട്ടം നോക്കി അത് ചാട്ടുളി പോലെ ഇലപ്പടർപ്പുകളിലേക്ക് മറയും. അതാണ് പതിവ്.

വർഷങ്ങൾക്കു മുമ്പായിരുന്നു അവളുടെ ആത്മഹത്യ. ഇപ്പോളവൾ താമസിക്കുന്ന നാട്ടുമാവിന്റെ ചോട്ടിൽ വെച്ച് വിഷം കഴിക്കുകയായിരുന്നു. സത്യത്തിൽ അവളൊറ്റക്കായിരുന്നില്ല. അവളുടെ കാമുകനും ഒപ്പമുണ്ടായിരുന്നു. അഞ്ച് വർഷത്തെ പ്രണയമായിരുന്നു അവരുടേത്. പക്ഷേ ഒത്തിരി കാരണങ്ങൾ അവർക്ക് വഴി മുടക്കി നിന്നു. ഒന്നിച്ചു ജീവിക്കണം അല്ലെങ്കിൽ ഒന്നിച്ചു മരിക്കണം. അങ്ങനെയാണ് അവർ മരിക്കാൻ തീരുമാനിച്ചത്. പൂന്തോട്ടങ്ങളും ജലധാരകളുമൊക്കെ പിന്നിട്ട് കൈകോർത്ത് പിടിച്ച് ഈ പാർക്കിന്റെ പിന്നിലെ വിജനതയിലേക്ക് വന്നത്. ഈ മാവിൻ ചുവട് തെരഞ്ഞെടുത്തത്.

മാമ്പഴം തിന്നിരുന്ന ഒരു കൂട്ടം പക്ഷികൾ മരണത്തിന്റെ നിഴലാട്ടം കണ്ട് ഭയന്ന് ആകാശത്തേക്ക് പറന്നു മറഞ്ഞു. തന്റെ ചുവട്ടിൽ നടക്കാൻ പാടില്ലാത്തത് കണ്ട മാവ് വീർപ്പടക്കി നിന്നു. അവർ ഏറെ നേരം വർത്തമാനം പറഞ്ഞിരുന്നു. ഒടുവിൽ ഇരു പാത്രത്തിലായ് പകുത്ത വിഷം എടുത്തു. ആദ്യം കുടിച്ചത് അവളാണ്. അവൻ കുടിച്ചതായി അഭിനയിച്ചതേ ഉള്ളൂ. അവൾക്കത് മനസിലായില്ല. പക്ഷേ ഒറ്റയ്ക്ക് മരിച്ച് ഒരു പ്രേതമായി മാറിക്കഴിഞ്ഞപ്പോൾ പിന്നീട് അവൾക്കത് വ്യക്തമായി. താൻ ഏറ്റവും ക്രൂരമായി വഞ്ചിക്കപ്പെടുകയായിരുന്നുവെന്ന്.

പാർക്കിനു പിന്നിലെ ഇലപ്പടർപ്പുകളിലേക്ക് ഒരു ആൺപ്രേതവും തികച്ചും യാദൃശ്ചികമായി എത്തപ്പെട്ടിരുന്നു.

അയാൾ ഒരു സമ്പന്ന കുടുംബത്തിലെ അംഗമായിരുന്നു. അയാളുടെ വീടിനടുത്തുണ്ടായിരുന്ന ഒരു പെൺകുട്ടിയുമായി അയാൾ ~~പിന്നീട്~~ പ്രണയത്തിലായി. അയാളെ പാട്ടിലാക്കി കുറെ സ്വത്ത് തട്ടിയെടുത്ത അവൾ പിന്നീട് അയാളെ കേസിൽ കുരുക്കാനാണ് ശ്രമിച്ചത്. ഒടുവിൽ അപമാനഭീതി മൂലം

THRITHIRA

THE CAPITAL OF ACCOUNTS

Anirudhan's Tax Consultancy Institution
(Project Report Specialists)

XV/442D, Thrthira Enclave,
Wadakkanchery, Pin-680582
Ph : 04884-230177, 230277(O),
273679 (Resi)
Email : thrithira@rediffmail.com

അയാൾ ആത്മഹത്യ ചെയ്യുകയായിരുന്നു. ഈ പാർക്കിന് പിന്നിലൂടെ പോകുന്ന റെയിൽവേ ട്രാക്കിൽ അയാൾ കണ്ണടച്ചു കിടന്നു. നീണ്ട ചൂളം വിളിച്ചു വന്ന ഒരു തീവണ്ടി അത് കണ്ട് ഞെട്ടിയെങ്കിലും മറ്റ് മാർഗ്ഗമില്ലാതെ അയാളെ മുറിച്ചിട്ടു കടന്നുപോയി. അന്നു മുതൽ അയാളും ഈ തോട്ടത്തിലെ അന്തേവാസിയായി.

സ്വാഭാവികമായും കാമുകനാൽ വഞ്ചിക്കപ്പെട്ട് പുരുഷവിദ്വേഷം പേറുന്ന പെൺപ്രേതവും കാമുകിയാൽ തിരസ്കരിക്കപ്പെട്ട് സ്ത്രീവിദ്വേഷിയായി മാറിയ ആൺപ്രേതവും തമ്മിൽ കാര്യമായ സൗഹൃദവുമില്ലായിരുന്നു.

രണ്ടുപേരും അവർ പറഞ്ഞ കഥ നുണയാണെന്നേ കരുതിയുള്ളൂ. പലപ്പോഴും നേരിട്ടു കണ്ടാൽ തന്നെ പ്രകടമായ രസക്കേടോടെ തിരിഞ്ഞു പോകുകയായിരുന്നു പതിവ്. കാലം കടന്നുപോകെ തികച്ചും യാദൃശ്ചികമായാണ് അവർക്കിടയിൽ ഒരു വാദ പ്രതിവാദം പൊട്ടിപ്പുറപ്പെട്ടത്. അതും ഒരു പ്രണയത്തെചൊല്ലിയായിരുന്നു. യൗവ്വനത്തിലേക്ക് കാലൂന്നിയവരായിരുന്നു നായകനും നായികയും. പുതിയ കാലത്തെ എല്ലാ പ്രണയസങ്കേതങ്ങളും അവർക്ക് വശമായിരുന്നു. എല്ലാ കമിതാക്കളോടുമെന്ന പോലെ അവരേയും പുച്ഛത്തോടെ വീക്ഷിച്ച് കടന്നുപോകെ അത്ഭുതത്തോടെയാണ് ആ വാക്കുകൾ പെൺപ്രേതത്തിന്റെ കാതിൽ വീണത്. ഒരുമിച്ച് ജീവിക്കാനാവില്ലെങ്കിൽ നമുക്ക് ഒരുമിച്ച് മരിക്കാം. കാമുകൻ കാമുകിയോട് പറയുകയായിരുന്നു. ഇലപ്പടർപ്പുകൾക്കപ്പുറത്ത് സൂര്യനസ്തമിക്കാൻ കാത്തു നിന്നിരുന്ന സായാഹ്നമായിരുന്നു അപ്പോൾ. സമാനമായൊരു ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പെൺപ്രേതം തെല്ലൊന്നമ്പരന്നെങ്കിലും കാമുകീകാമുകന്മാർ അന്നത്തേക്ക് വിടവാങ്ങിയ ഉടനെ ആൺപ്രേതത്തെ കാണുകയായിരുന്നു.

ഒരു നിഷ്കളങ്കയായ ഒരു പെൺകുട്ടി കൂടി വഞ്ചിക്കപ്പെടാൻ പോകുന്നു. പെൺപ്രേതം പറഞ്ഞു. സന്ദർഭവശാൽ ഈ മരണവർത്തമാനം ആൺപ്രേതവും ശ്രദ്ധിച്ചിരുന്നു. ~~എങ്കിലും അതറിയാത്തതുപോലെ അവൻ ശ്രദ്ധിച്ചിരുന്നു~~. എങ്കിലും അതറിയാഞ്ഞതുപോലെ അവൻ ആശ്ചര്യപ്പെട്ടു.

ഏത് പെൺകുട്ടിയെന്നാണ് ?

നിങ്ങൾക്ക് കാണരുതോ കുറച്ചു നാളായി ഇവിടെ ചുറ്റിത്തിരിയുന്ന ആ ചെറുപ്പക്കാരനേയും ചെറുപ്പക്കാരിയേയും കുറിച്ചു തന്നെ.

അതിന് അവൾ വഞ്ചിക്കപ്പെടുമെന്ന് നിങ്ങൾക്ക് എങ്ങനെ അറിയാം.

ആൺപ്രേതം ചോദിച്ചു.

അതിലെന്താണിത്ര അത്ഭുതം. കാമുകൻമാരുടെ പൊതുസ്വഭാവം ആർക്കാണ് അറിയാത്തത്. ഒരുമിച്ചു മരിക്കാം എന്നൊക്കെ ധൈര്യപ്പെടുത്തി അവനവളെ കൂട്ടിക്കൊണ്ടു വരും. ഒടുവിൽ അവൾ മാത്രം മരിക്കും. അവൻ വിദഗ്ധമായി രക്ഷപ്പെടുകയും ചെയ്യും കണ്ടോളൂ.

എന്നാൽ എനിക്കങ്ങനെയല്ല തോന്നുന്നത്.

ആൺപ്രേതം പറഞ്ഞു.

ആ പെണ്ണ് പലതും പറഞ്ഞ് അവനെ പറ്റിക്കുകയാണ്. ഒടുവിൽ അവൾ അവനെ തന്ത്രപരമായി കൈയൊഴിയും. അല്ലെങ്കിൽ കേസിൽ കുടുക്കി നാണം കെടുത്തും. ~~അക്കാന~~ ആ ചെറുപ്പക്കാരൻ സ്വന്തം കാമുകിക്ക് സ്വന്തം മോതിരം ഊരി നൽകുന്നതു കണ്ടില്ലേ. മരിക്കാൻ പോകുന്നവർക്കെന്തിനാണ് മോതിരം. ആൺപ്രേതം തന്റെ നിരീക്ഷണപാടവം വ്യക്തമാക്കി.

ഓഹോ ! അപ്പോൾ നിങ്ങളിതൊക്കെ ശ്രദ്ധിക്കുന്നുണ്ടല്ലേ. അപ്പോൾ ഇതുകൂടി കാണാതെ വയ്യല്ലോ. അവന്റെ നോട്ടം അവളുടെ ശരീരത്തിലാണ്. പലവട്ടം അവനവളെ ശാരീരിക വേഴ്ചക്ക് നിർബന്ധിക്കുന്നുണ്ടായിരുന്നു. ദിവ്യപ്രണയക്കാരൻ എന്തിനിങ്ങനെ ചെയ്യുന്നു. സ്വന്തം കാര്യം കണ്ട് അവളെ ഒഴിവാക്കാനാണെന്ന് ലവലേശം സംശയം വേണ്ട പെൺപ്രേതം ഉറപ്പിച്ചു പറഞ്ഞു.

ഞാനൊരു ദിവ്യ പ്രണയത്തിന്റേയും വക്താവല്ല. ആൺപ്രേതം പറഞ്ഞു. അല്ലെങ്കിലും ഈ പ്രണയമെന്നത് ശുദ്ധ അസംബന്ധമാണ്. മനുഷ്യരുടെ കാര്യത്തിലെങ്കിലും. അതൊക്കെ കിളികൾക്കോ മൃഗങ്ങൾക്കോ ഒക്കെ പറ്റും.

അക്കാര്യത്തിൽ എനിക്കും വേറൊരഭിപ്രായമില്ല. അസംബന്ധക്കാരായ കുറെ

സാഹിത്യകാരന്മാരും കലാകാരന്മാരും വാഴ്ത്തിപ്പാടുന്ന ഈ പ്രണയം വെറും പൊള്ളയായ കാലിപ്പാത്രമാണ്. അല്ലെങ്കിലും ഈ പുരുഷന്മാരുള്ളിടത്തോളം എങ്ങനെ ഇതൊക്കെ ഭംഗിയായി നടക്കാനാണ്.

അവർ ഓരോ ദിവസവും ഇതേചൊല്ലി തർക്കിച്ചുകൊണ്ടിരുന്നു. ഇതിനിടെ കുറേ നാൾ യുവമിഥുനങ്ങളെ കാണുകയുണ്ടായില്ല.

അത് ചൂണ്ടിക്കാട്ടി പെൺപ്രേതം പറഞ്ഞു.

മരിക്കാൻ ഇവിടേക്ക് തന്നെ വരണമെന്നില്ലല്ലോ. എന്റെ ഊഹം ശരിയാണെങ്കിൽ ആ പെൺകുട്ടി മരിച്ചിരിക്കണം.

എന്റെ ഊഹം ശരിയാണെങ്കിൽ അവനാണ് മരിച്ചിരിക്കുക. അല്ലെങ്കിൽ ജയിലിൽ. ഒരു സംശയവും വേണ്ട.

തർക്കവിതർക്കങ്ങൾ ഇങ്ങനെ മുന്നോട്ടുപോകെ തികച്ചും അവിചാരിതമായാണ് ആ സംഭവം ഉണ്ടായത്.

ഒരു തെളിഞ്ഞ പ്രഭാതം ചൂടുപിടിച്ചു തുടങ്ങുകയായിരുന്നു. അസാധാരണമായെന്തോ കണ്ടെന്നപോലെ പെൺപ്രേതം വിളിച്ചുകൂവി.

അതാ അവൻ ! അവന്റെ കൂടെ മറ്റൊരുവൾ. പുതിയ ഇര. മറ്റേ കുട്ടി ക്രൂരമായി വഞ്ചിക്കപ്പെട്ടിരിക്കുന്നു. എന്റെ അനുമാനം എത്ര ശരിയാണ്. ആൺപ്രേതം താഴേക്ക് നോക്കി.

ശരിയാണ്. തലങ്ങും വിലങ്ങും വകതിരിവില്ലാതെ വീണു കിടന്ന നിഴലുകൾക്കിടയിലൂടെ അവർ നടന്നു വരുന്നു. ഒരാണും ഒരു പെണ്ണും. ആണിനെ അവനറിയാം. അവരുടെ കലഹത്തിന് നിദാനമായവൻ തന്നെ.

എന്നാൽ പെണ്ണ്. അത് മറ്റേതോ പെൺകുട്ടിയായിരുന്നു.

അവിചാരിതമായി തിരിച്ചടി നേരിട്ട ആൺപ്രേതം എന്തു പറയണമെന്ന് കരുതി വിഷമിച്ചിരിക്കെയാണ് പച്ചക്കാട്ടിലേക്ക് കടന്നുവന്ന മറ്റൊരു കമിതാക്കളിൽ അയാളുടെ ശ്രദ്ധ പതിഞ്ഞത്. അവരിലൊരാൾ അവർക്ക് പരിചയമുള്ള പെൺകുട്ടിയായിരുന്നു. ആണാകട്ടെ പുതിയൊരാളും.

യുവമിഥുനങ്ങൾ പരസ്പരം കണ്ടുമുട്ടിയെങ്കിലും ഒരു പരിചയവും കാണിച്ചില്ല. അവർ ഓരോ മരച്ചുവട് തെരഞ്ഞെടുത്ത് പുതിയ പ്രണയസല്ലാപങ്ങളിലേക്ക് നീങ്ങി. രണ്ടുപേരുടേയും കണക്കുകൂട്ടലുകൾ പൂർണ്ണമായും തെറ്റിയിരിക്കുന്നു.

പുതിയ കാലത്തെ പ്രേമം ഇങ്ങനെയൊക്കെയായിരിക്കും. പെൺപ്രേതത്തിന്റെ ആത്മഗതം അൽപം ഉറക്കെയായിപ്പോയി. അപ്പോൾ ആൺപ്രേതം പെൺപ്രേതത്തിനെ ഒന്നു സൂക്ഷിച്ചു നോക്കി. പെൺപ്രേതത്തിന്റെ കണ്ണുകളിലെവിടേയോ ലജ്ജയുടെ മിന്നലാട്ടം അവൻ കണ്ടു. പച്ചപടർപ്പുകളിലിരുന്ന് കൊക്കുരുമ്മി പാട്ടുപാടിയിരുന്ന നിരവധി ഇണപക്ഷികൾ അവർക്ക് ചുറ്റും കൂടിനിന്നു.

അനന്തരം ആൺപ്രേതം പെൺപ്രേതത്തിന്റെ കരം ഗ്രഹിക്കുകയും അവർ ആകാശത്തേക്ക് ഉയർന്നു പോകുകയും ചെയ്തു.

—


# ചിത്രാ ഫുഡ് പ്രൊഡക്ട്സ്

**പെരുമങ്ങാട്ടു മന, ആറ്റൂർ, പിൻ : 680 592,**

**ഫോൺ : 252931**

**രുചികരമായ അച്ചാറുകൾ മൊത്തമായും ചില്ലറയായും വിറ്റു വരുന്നു.**